മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിക്കും കാര്യോപദേശക സമിതിയിൽ പങ്കെടുക്കേണ്ടതുള്ളതുകൊണ്ട് 5-ാമത്തെ സബ്മിഷൻ ആദ്യം എടുക്കാം.

VI സബ്മിഷൻ

(1) ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീ. സി. പി. നാരായണൻ : സർ, ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ തികച്ചും അപര്യാപ്തമാണ്. ഏറ്റവും ചുരുങ്ങിയ വേതനമാണ് ഖാദി നൂൽ നൂൽപ്പ് തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. മിനിമം കൂലിയും ജീവിതസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്തയും നൽകണമെന്ന് മുമ്പുതന്നെ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അത് ഇതുവരെയും പരിഹരിച്ചിട്ടില്ല. ഈ രംഗത്ത് തൊഴിൽ ചെയ്യുന്ന തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. മാത്രമല്ല, എസ്. എസ്. എൽ. സി. വരെയും അതിനുമുകളിലും പഠിച്ചിട്ടുള്ള പെൺകുട്ടികളാണ് വേറെ യാതൊരു ജോലിയും കിട്ടാത്തതുകൊണ്ട് ഈ ജോലിക്ക് വരുന്നത്. ഇത് മാന്യമായ ജോലിയാണെന്നോ തൃപ്തികരമായ വേതനം കിട്ടുമെന്നോ ഉള്ള പ്രതീക്ഷയോടെയല്ല ഇതിൽ വന്നിട്ടുള്ളത്. പട്ടിണി കിടക്കുന്ന അവസരത്തിൽ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ഈ ജോലിക്ക് വന്നതാണ്. എന്നാൽ, ഇപ്പോഴും ഈ ജോലിയും ഇല്ലാത്ത സ്ഥിതി സംജാതമായിരിക്കുകയാണ്. തൊഴിൽദാന പദ്ധതി അനുസരിച്ച് നാട്ടുകാർ സംഭാവന ചെയ്ത സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങളിലാണ് ഇന്ന് തൊഴിലാളികൾ പണി എടുക്കുന്നത്. ആ തൊഴിൽശാലകളിലുള്ള പഴക്കംചെന്ന ചർക്കകളും ലൂമുകളും മാറുന്നില്ല. പഴക്കമുള്ള ചർക്കകൾ റിപ്പയർ ചെയ്യാതെ തൊഴിൽ ചെയ്യാൻ കഴിയുന്നില്ല. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. ആവശ്യാനുസരണം താപ്പും നൂലും പാവും നൽകാത്തതുകൊണ്ട് തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ക്ഷേമനിധി ബോർഡിലേക്ക് ഖാദി ബോർഡ് അടയ്ക്കേണ്ട തുക അടയ്ക്കാത്തതുകൊണ്ട് തൊഴിലാളികൾക്ക് അതിന്റെ ആനുകൂല്യവും കിട്ടുന്നില്ല. തൊഴിലാളികൾ അടച്ച തുകപോലും ഖാദി ബോർഡ് അടച്ചിട്ടില്ല. ഖാദി മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ അവരുടെ വരുമാനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭണം നടത്തിയതിന്റെ ഫലമായി ഗവൺമെന്റ് നിയോഗിച്ച ഭരത്ഭൂഷൺ കമ്മിഷൻ അന്വേഷണം നടത്തി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ആ റിപ്പോർട്ട് അടിയന്തിരമായി നടപ്പിൽ വരുത്താമെന്ന് കഴിഞ്ഞ കാലത്ത് ബഹുമാനപ്പെട്ട കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കൂടിയാലോചിച്ച് തീരുമാനിച്ചതാണ്. അടിയന്തിരമായി അത് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മാത്രമല്ല ചർക്കകളുടെ പരിഷ്ക്കരണം വരുത്തണം. അതുപോലെ ടെക്നിക്കൽ ജീവനക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നമുണ്ട്. ടെക്നിക്കൽ ജീവനക്കാരുടെ പ്രശ്നത്തിൽ ഒത്തുതീർപ്പുണ്ടാക്കിയതാണ്. അതും ഇപ്പോഴും പൂർണ്ണമായി നടപ്പിൽ വരുത്തിയിട്ടില്ല. അതിന്റെ ഫലമായി അവർ പണിമുടക്കിലും മാറ് നടപടികളിലേക്കും വന്നു കഴിഞ്ഞിരിക്കുകയാണ്. ഞാൻ ഇവിടെ പറഞ്ഞ ആവശ്യം ഉന്നയിച്ചുകൊണ്ട് ഖാദി തൊഴിലാളികളും ഇന്ന് സെക്രട്ടേറിയറ്റിനു മുന്നിൽ മാർച്ചും ധർണ്ണയും നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവരോട് ഗവൺമെന്റ് അനുകമ്പ കാണിക്കണം. ചെറിയ മുതൽമുടക്കിൽ ധാരാളം ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാതിരിക്കാനും തൊഴിൽ സ്ഥിരതയുണ്ടാക്കാനും ആവശ്യമായ നടപടിയെടുക്കാൻ ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരിയും ഇതിന് നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് കൂടി ഇതിനെപ്പറ്റി പറയാം.

ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി : സർ, നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധി വിഭാവന ചെയ്ത, ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി പ്രവർത്തിച്ചുവരുന്ന ഖാദി പ്രസ്ഥാനത്തിൽ ഏകദേശം 30,000-ത്തോളം തൊഴിലാളികളും ഇന്ന് ജോലി ചെയ്യുന്നുണ്ട്. അവർക്ക് ഇതുവരെ സേവന-വേതന വ്യവസ്ഥകളും അംഗീകരിച്ചു നടപ്പിലാക്കിയിട്ടില്ല. അതിനുവേണ്ടി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ട് ഉടനടി നടപ്പിലാക്കുകയും ഖാദി തൊഴിലാളി ക്ഷേമനിധിയിലെ അപാകതകളും തീർക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ വളരെ കുറഞ്ഞ വരുമാനം പറ്റുന്ന ഖാദി തൊഴിലാളികളുടെ കാര്യങ്ങളും ഈ സർക്കാർ വളരെയധികം ശ്രദ്ധിക്കാറുണ്ട്. അതിന്റെ ഫലമായിട്ടാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ഭരത്ഭൂഷൺ കമ്മീഷനെ നിയമിച്ചത്. 25 ശതമാനമെങ്കിലും അവരുടെ വേജസ് വർദ്ധിപ്പിക്കുകയെന്നുള്ളതായിരുന്നു ലക്ഷ്യം. നൂൽനൂൽപ്പുകാരുടെ വരുമാനം ഇന്നത്തേതിലും 25 ശതമാനമെങ്കിലും വർദ്ധിപ്പിക്കുക, അതുപോലെ ഇവിടെ പറഞ്ഞ കാര്യങ്ങളും ചെയ്യുകയെന്നുള്ളതായിരുന്നു ലക്ഷ്യം. ക്രമത്തിൽ നടന്നുപോകേണ്ട കുറേ കാര്യങ്ങളാണ് ഇതിനകത്തുള്ളത്. അതുകൊണ്ടാണ് 15 പോയിന്റ് പ്രോഗ്രാമിൽ 5000 ചർക്കകളും കേടുപാടുകളും തീർക്കാനുള്ള നടപടിയും അതുപോലുള്ള മാറ് നടപടികളുമൊക്കെയെടുക്കാൻ വേണ്ടിയുള്ള പ്രയോറിറ്റി നൽകിയത്. ഈ കാര്യങ്ങളിലൊക്കെ പരമാവധി കാര്യങ്ങളും ഇതിനകം ചെയ്തിട്ടുണ്ട്.

സർ, ടെക്നിക്കൽ ജീവനക്കാരുടെ പ്രശ്നം ശ്രീ. സി. പി. നാരായണനും അറിയാം. അക്കാര്യത്തിനുവേണ്ടി ഗവൺമെന്റ് വളരെയധികം പ്രവർത്തിച്ചിട്ടുണ്ട്. പക്ഷേ, ഇപ്പോഴും തൊഴിൽ ഏകീകരണം, തൊഴിൽ സ്ഥിരത എന്നൊക്കെ പറഞ്ഞുകൊണ്ട് കുറേക്കൂടി ആവശ്യങ്ങളും പിന്നേയും പിന്നേയും പറയുന്നുണ്ട്. ഞങ്ങളാണ് ഇക്കാര്യങ്ങളിൽ ഏറ്റവും കൂടുതൽ ശ്രദ്ധിച്ചത്. പക്ഷേ, അതുകൊണ്ടൊന്നും അവരുടെ പരാധീനത ഇനിയും തീരില്ല. പല പ്രശ്നങ്ങളും ഇനിയും പരിഹരിക്കാനുണ്ട്. ഗവൺമെന്റ് ഭരത്ഭൂഷൺ കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായും നടപ്പിലാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഞാൻ ഉറപ്പ് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly